# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1846      05.10.2016-ൽ മറുപടിക്ക്

## ജനനീ ജന്മരക്ഷാ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | മുൻ സർക്കാരിൻറെ കാലത്ത് ജനനീ ജന്മരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | എ) | ഉണ്ട്. ജനനീ ജന്മരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് മണി ഓർഡർ മുഖാന്തിരം വിതരണം ചെയ്യുന്നതിനായി അനുവദിക്കപ്പെട്ട തുക വിതരണം ചെയ്യുന്നതിൽ രേഖകൾ കൃത്യമായി സൂക്ഷിക്കാതിരിക്കുക, കൈപ്പറ്റാതെ തിരിച്ചെത്തിയ മണി ഓർഡർ തുക യഥാസമയം തിരിച്ചടയ്ക്കാതിരിക്കുക, ക്രമക്കേടുകളും ദുരുപയോഗവും നടത്തുക എന്നിങ്ങനെ നിരവധി കാര്യങ്ങൾ ധനകാര്യ വകുപ്പിൻറെ പരിശോധനയിൽ കണ്ടെത്തി. |
| ബി) | പാവപ്പെട്ട പട്ടികവർഗ്ഗ വിഭാഗത്തിലെ മുലയൂട്ടുന്ന അമ്മമാർക്കും, കുട്ടികൾക്കും ലഭിക്കേണ്ട തുക വകമാറി ആരുടെയൊക്കെ കൈകളിലാണ് എത്തിയിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ടോ; | ബി) | ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട തുക വകമാറ്റിയിട്ടുള്ളതായി ധനകാര്യ പരിശോധനാ വിഭാഗം റിപ്പോർട്ട് ചെയ്യിട്ടില്ല. പകരം ടി തുക ദുർവിനിയോഗം നടത്തുകയും പൂർണ്ണമായും ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ലെന്നാണ് കണ്ടെത്തിയിരിക്കുന്നത്. |
| സി) | ഇപ്രകാരം എത്ര തുക അനർഹരായവർക്ക് ലഭിച്ചു; വിശദാംശങ്ങൾ അറിയിക്കുമോ; | സി) | അനർഹരായവർക്ക് തുക ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) | കുറ്റക്കാർക്കെതിരെ നടപടി എടുക്കുന്നതിനും തട്ടിയെടുത്ത തുക തിരിച്ചു പിടിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്. ജനനീ ജന്മരക്ഷാ പദ്ധതി നടത്തിപ്പിലെ ക്രമക്കേടുമായി ബന്ധപ്പെട്ട ധനകാര്യ പരിശോധനാ വിഭാഗത്തിൻറെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ടി കാലയളവിൽ അസിസ്റ്റൻറ് ഡയറക്ടറുടെ ചുമതലയിലുണ്ടായിരുന്ന ശ്രീ. ബി.എസ്. പ്രേമാനന്ദിനെ അന്വേഷണ വിധേയമായി സസ്പെൻറ് ചെയ്യിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ